(ബി & സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) തിരികെ കയറേണ്ട ദിവസം കഴിഞ്ഞിട്ടും തിരിച്ചുവരാത്തവരുടെ പേരുവിവരം ഉടൻതന്നെ സ്ഥലം പോലീസ് സ്റ്റേഷനിലും ജില്ലാ പോലീസ് അധികാരികൾക്കും ഫോണോഗ്രാം മുഖേന അറിയിക്കുകയും പ്രധാന പത്രങ്ങളിൽ ഫോട്ടോസഹിതം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. ബോണ്ട് വയലേഷൻ നടത്തിയതിന് ജാമ്യക്കാരിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസ്സുകൾ

47 (4656) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കവർച്ചകൾ, ഭവനഭേദനം, മോഷണം എന്നിവ സംബന്ധിച്ച കേസ്സുകളിൽ എത്രയെണ്ണം കോടതിയൽ വെറുതെ വിട്ടു ;

(ബി) എത്രയെണ്ണം ശിക്ഷിച്ചു ;

(സി) ചാർജ് ഷീറ്റ് ഫയൽ ചെയ്യാൻ എത്ര കേസ്സുകൾ ഇനി അവശേഷിക്കുന്നുണ്ട് ;

(ഡി) എത്ര കേസ്സുകളിൽ സർക്കാർ അപ്പീൽ പോയി ?

ഉത്തരം

(എ) 2192 കേസ്സുകൾ കോടതി വെറുതെവിട്ടു.

(ബി) 2540 കേസ്സുകൾ ശിക്ഷിച്ചു.

(സി) 3873 കേസ്സുകൾ അവശേഷിക്കുന്നുണ്ട്.

(ഡി) 2 കേസുകളിൽ അപ്പീൽ പോയിട്ടുണ്ട്.

മുച്ചിലോട്ട് ഭഗവതിക്ഷേത്രത്തിൽ സ്വർണ്ണമാലകൾ മോഷണം പോയ കേസ്സിന്റെ അന്വേഷണം

48 (4657) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി പഞ്ചായത്തിലെ അഞ്ചാം പീടിക പ്രദേശത്തുള്ള മുച്ചിലോട്ട് ഭഗവതിക്ഷേത്രത്തിൽ വിഗ്രഹത്തിൽ ചാർത്തുന്ന സ്വർണ്ണമാലകൾ മോഷണം പോയത് സംബന്ധിച്ച ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മോഷണം സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(സി) പ്രസ്തുത കേസ്സിലെ കുറ്റവാളികളെ കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മോഷണം സംബന്ധിച്ച് 27-6-2010-ന് കണ്ണപുരം പോലീസ് സ്റ്റേഷൻ ക്രൈം 227/2010 u/s 457, 380 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത്, സംസ്ഥാന ടെമ്പിൾ സ്കാഡിന്റെയും സൈബർ സെല്ലിന്റേയും മറ്റും സഹായത്തോടുകൂടി പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) കുറ്റവാളികളെ കണ്ടെത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ടെമ്പിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ സ്പെഷ്യൽ ടീമിന്റെ പ്രവർത്തനം

49 (4658) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളിലും മറ്റ് ആരാധനാ സ്ഥലങ്ങളിലും നടക്കുന്ന മോഷണങ്ങൾ ഫലപ്രദമായി നേരിടുന്നതിന് സംസ്ഥാനത്ത് ടെമ്പിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ സ്പെഷ്യൽ ടീം പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സ്പെഷ്യൽ ടീമിന്റെ ഘടനയും പ്രവർത്തനരീതികളും എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ടീമിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്ന നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ;

(ഡി) ഇതിന്റെ ഭാഗമായി ഈ വർഷം എന്തൊക്കെ മാറ്റങ്ങൾ വരുത്തുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) പ്രവർത്തിക്കുന്നുണ്ട്. 1- SP, 12- Dy.SP, 36- CI, 24 – SI, 82- ASI/HC/PC എന്നിവർ അടങ്ങിയ ടെമ്പിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ

LIBRARY ARCHIVES Kerala Legislative Assembly